# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6254** — **09.07.2013 ൽ മറുപടിയ്ക്ക്**

## പ്രീ - ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. വി.റ്റി. ബൽറാം | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പ്രീ -ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പ്രീ -ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം 2011 -2012 സാമ്പത്തിക വർഷം എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) & (സി) | വിദേശരാജ്യങ്ങളിലേയ്ക്ക് തൊഴിലന്വേഷിച്ച് പോകുന്ന യുവജനങ്ങൾക്ക് വിദേശരാജ്യങ്ങളിലെ തൊഴിൽ നിയമങ്ങൾ, വിസയും പാസ്പോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ, എയർ ട്രാൻസ്പോർട്ടേഷൻ സംബന്ധമായ വിവരങ്ങൾ, ഭാഷ ഉപയോഗിക്കുന്ന വിധം, ആചാരമര്യാദകൾ തുടങ്ങിയവയെ കുറിച്ച് വ്യക്തമായ വിവരങ്ങൾ നൽകുന്നതിന് ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണ് പ്രീ -ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം. |
| (സി) | വിദേശ രാജ്യങ്ങളിലേയ്ക്ക് തൊഴിൽ അന്വേഷിച്ച് പോകുന്ന യുവജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് പ്രോഗ്രാം വഴി ലഭിക്കുന്നത് ; വ്യക്തമാക്കുമോ ; | | |
| (ഡി) | ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ നോർക്ക റൂട്ട്സിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കിയത്. പരിപാടിയുടെ നടത്തിപ്പ് ചെലവിന്റെ 50% നോർക്ക വകുപ്പാണ് വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ